മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ശ്രീമതി ഇന്ദിരാഗാന്ധി അടുത്തകാലത്തു സംസ്ഥാനം സന്ദർശിച്ചതു് കേന്ദ്രഗവണ്മെൻറിന്റെയോ, സംസ്ഥാനഗവണ്മെൻറിന്റെയോ നിർദ്ദേശമോ, ആവശ്യമോ, ആലോചനയോ ആയിരുന്നില്ല.

(ബി) ഈ സന്ദർശനത്തിനു് ഗവണ്മെൻറിന്റെ പ്രവർത്തനപരിപാടികളുമായി യാതൊരു ബന്ധവുമില്ല.

(സി) ശ്രീമതി ഇന്ദിരാഗാന്ധി സംസ്ഥാനാതിഥിയായിട്ടല്ല ഇവിടെ പര്യടനം നടത്തിയിട്ടുള്ളതു്.

(ഡി) ഈ പര്യടനത്തിനു് ശ്രീമതി ഇന്ദിരാഗാന്ധിക്കു് എത്ര ചെലവായി എന്നു ഗവണ്മെൻറിനു് അറിവില്ല. (ചിരി)

ബോർഡിലെ അംഗങ്ങൾ.

* 654. [14] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോറേജ് പ്ലാനിംഗ് അഡൈവസറി ബോർഡിന്റെ അംഗങ്ങൾ ആരെല്ലാം;

(ബി) ആ ബോർഡ് രൂപീകരണത്തിൽ കേന്ദ്രഗവണ്മെൻറ് വല്ല നിർദ്ദേശവും വയ്ക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ഈ ബോർഡു പ്രവർത്തനത്തിനു് ആകെ എന്തു തുക ഇതുവരെ ചെലവായിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സ്റ്റോറേജ് പ്ലാനിംഗ് അഡൈവസറി ബോർഡിന്റെ അംഗങ്ങൾ താഴെ പറയുന്നവരാണു്.

മെമ്പേഴ്സ് : 1. സി. പി. മാത്യു, എം. പി.
2. ടി. വി. തോമസ്, എം. എൽ. എ.
3. ടി. കെ. ദിവാകരൻ, എം. എൽ. എ.
4. എം. രാഘവൻ നായർ, എം. എൽ. എ.
5. എ. നേശമണി, എം. പി.
6. കെ. ബാലകൃഷ്ണമേനോൻ, വടക്കാഞ്ചേരി.
7. മഞ്ഞുനാഥപ്രഭു, എം. എൽ. എ.
8. എ. സുലൈമാൻസേട്ട്, ആലപ്പുഴ.
9. എം. ഒ. മേനോൻ, ചേർപ്പു്.
10. ടി. എ. അബ്ദുള്ള.
11. കെ. എം. മാണ്ടി, എം. എൽ. എ.

ഇവരെ കൂടാതെ സ്റ്റോറേജ് പ്ലാനിംഗ് അഡൈവസറി ബോർഡിന്റെ മീറ്റിംഗ് നടന്നിട്ടുള്ളപ്പോഴെല്ലാം ശ്രീ. പട്ടം താണുപിള്ളയും, ശ്രീ. പി. എസ്സു്. നടരാജപിള്ളയും പ്രത്യേകം ക്ഷണിക്കപ്പെട്ടു അയച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ബോർഡു രൂപീകരണത്തിൽ ഗവണ്മെൻറിനു് കേന്ദ്രഗവണ്മെൻറിന്റെ ഉപദേശം ഉണ്ടായിട്ടുണ്ടു്.

(സി) ഈ ബോർഡു പ്രവർത്തനത്തിനു് ഇതുവരെ ആകെ 338 രൂപാ 8 അണ ചെലവായിട്ടുണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : പ്രത്യേകം ക്ഷണക്കത്തു അയയ്ക്കപ്പെട്ടവർ ഹാജരായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യത്തെ യോഗത്തിൽ രണ്ടുപേരും ഹാജരായിരുന്നു. രണ്ടാമതു ശ്രീ. നടരാജപിള്ള മാത്രം ഹാജരുണ്ടായിരുന്നു.

ശ്രീ. എ. താണുപിള്ള : ഞാൻ അന്നു ഡെൽഹിയിൽ ആയിരുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടായിരിക്കും ബഹു: മെംബർ ഹാജരാകാതിരുന്നതു്.

മിനിമം വേജസു്.

* 655. [15] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർതൊഴിലാളികൾക്കുള്ള മിനിമം വേജസ് പ്രയോഗക്ഷമമാക്കുവാൻ ഇക്കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) മിനിമം വേജസ് നൽകാത്ത എത്ര മുതലാളിമാരെ പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടു് ; ഉണ്ടെങ്കിൽ ആരെയെല്ലാം ;

(സി) മിനിമം വേജസ് നൽകാത്ത മുതലാളിമാരുടെ പേരു വിവരം കാണിച്ചു് തൊഴിലാളികളിൽനിന്നും നേരിട്ടു് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു പ്രദേശത്തിൽനിന്നു് ;

(ഡി) അവയുടെപേരിൽ എന്തുനടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം, കയർതൊഴിലാളികൾക്കുള്ള മിനിമം വേജസ് പ്രയോഗക്ഷമമാക്കുന്നതിനുവേണ്ടി പ്രത്യേക നടപടികളൊന്നും എടുത്തിട്ടില്ല.

(ബി) മിനിമംവേജസ് നൽകാത്ത കാരണത്താൽ ആരെയും പ്രോസിക്യൂട്ടു ചെയ്തിട്ടില്ല.

(സി) ചേറയിൻകീഴ് താലൂക്കിലെ ചില കയർ ഉൽപ്പാദകർ, മിനിമംവേജസ് നൽകിയിട്ടില്ലെന്നു, ചിറയിൻകീഴ് കയർവർക്കേഴ്സ് യൂണിയൻ, പേരുവിവരം കാണിച്ചു ഒരു പരാതി അയച്ചിട്ടുണ്ടു്.

(ഡി) പരാതിയിന്മേൽ അസിസ്റ്റൻറ് ലേബർ കമ്മീഷണർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം : ഇതുസംബന്ധിച്ചു കാര്യമായ നടപടികളൊന്നും നടന്നുകാണാത്തതുകൊണ്ടാണു് ഇത്രനേരം വേദനങ്ങൾ നടത്തേണ്ടിവന്നതെന്നു മനസ്സിലാക്കി, പെട്ടെന്നു് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടു മുതലാളിമാരെ പ്രോസിക്യൂട്ടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly